**SREENARAYANAGURU OPEN UNIVERSITY**
*The State University for Education, Training and Research in Blended Format, Kerala*
University Building, Kureepuzha, Kollam, Kerala-691601 | www.sgou.ac.in

`നം : 03/EX.B3/97 /SOU/2025 തീയതി :29/05/2025

# സർക്കുലർ

**(ഡിസർട്ടേഷൻ/പ്രോജക്ട് സമർപ്പണം)**

സൂചന : (1) 28/05/2025 തീയതിയിലെ ഡിസർട്ടേഷൻ/പ്രോജക്ട് സമർപ്പണം, വൈവാ വോസി എന്നിവയുമായി ബന്ധപ്പെട്ട **02/EX.B3/97/SOU/2025** നമ്പർ നോട്ടിഫിക്കേഷൻ.

***2023 അഡ്മിഷൻ ഇൻടേക്ക് - II എം. എ ഹിസ്റ്ററി/എം.എ സോഷ്യോളജി ഡിസർട്ടേഷൻ/പ്രോജക്ട് സമർപ്പണം, വൈവാ വോസി എന്നിവയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാർഗ്ഗനിർദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.***

## 1) വിഷയം തിരഞ്ഞെടുക്കൽ

സൂചന (1) പ്രകാരം സർവ്വകലാശാല 28/05/2025 തീയതിയിൽ പുറപ്പെടുവിച്ചിട്ടുളള നോട്ടിഫിക്കേഷനിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് (ക്രമ നമ്പർ - 15) പഠിതാക്കൾക്ക് ഡിസർട്ടേഷൻ/ പ്രോജക്ടുമായി ബന്ധപ്പെട്ട വിഷയം തിരഞ്ഞെടുക്കാവുന്നതാണ്. ഇങ്ങനെ തിരഞ്ഞെടുക്കുന്ന വിഷയത്തിന് മേൽനോട്ടം വഹിക്കുന്ന സൂപ്പർവൈസറുടെ അംഗീകാരം വാങ്ങേണ്ടതാണ്.

## 2) മേൽനോട്ടം

സൂചന (1) ലെ നോട്ടിഫിക്കേഷനിലെ മാർഗനിർദ്ദേശം ക്രമ നമ്പർ 7 പ്രകാരം വിവിധ കാറ്റഗറിയിൽ വരുന്ന അദ്ധ്യാപകരെ പഠിതാക്കൾക്ക് സൂപ്പർവൈസറായി തിരഞ്ഞെടുക്കാവുന്നതാണ്. പ്രസ്തുത സൂപ്പർവൈസറിൽ നിന്നും Bio Data cum Certificate (Annexure-1) തയ്യാറാക്കി ഒപ്പ് രേഖപ്പെടുത്തി വാങ്ങുകയും, ഡിസർട്ടേഷൻ പ്രോജക്ടിനോടൊപ്പം LSCയിൽ സമർപ്പിക്കേണ്ടതുമാണ്.

## 3) റിപ്പോർട്ട് തയാറാക്കൽ

സൂചന (1) ലെ ക്രമ നമ്പർ (13) പ്രകാരമുള്ള മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് ഡിസർട്ടേഷൻ പ്രോജക്ട്/ തയ്യാറാക്കേണ്ടതാണ്. കവർ പേജിൽ ശീർഷകം, പഠിതാവിന്റെ പേര്, എൻറോൾമെൻറ് നമ്പർ, പ്രോഗ്രാമിന്റെ പേര്, സർവകലാശാലയുടെ പേര്, റിപ്പോർട്ട് സമർപ്പിക്കുന്ന തീയതി തുടങ്ങിയ വിവരങ്ങൾ ചേർക്കേണ്ടതാണ്. (കവർ പേജിന്റെ മോഡൽ നോട്ടിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്) സൂപ്പർവൈസറുടെ സർട്ടിഫിക്കറ്റ് (പേജ്-2), പഠിതാവിന്റെ പ്രസ്താവന (പേജ്-3), അക്നോളജ്മെന്റ് (പേജ്-4), വിഷയസൂചി (Table of Content) (പേജ്-5), ആമുഖം, അധ്യായം തിരിച്ചുള്ള വിഷയ വിവരണം, ഉപക്രമം, ഗ്രന്ഥസൂചി (റഫറൻസ്) എന്നീ ക്രമത്തിൽ ഡിസർട്ടേഷൻ/ പ്രോജക്ട് തയ്യാറാക്കേണ്ടതാണ്.

## 4) സമർപ്പണ രീതി

സൂചന (1) ലെ ക്രമ നമ്പർ 10 പ്രകാരമുള്ള മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് യൂണികോഡ് ലിപിയിൽ തന്നെ ഡിസർട്ടേഷൻ/പ്രോജക്ട് തയ്യാറാക്കേണ്ടതാണ്.

a) നിർദ്ദിഷ്ട ഫോണ്ട് സൈസ് (font size), ഫോർമാറ്റ് അനുസരിച്ചാണ് ഡിസർട്ടേഷൻ/പ്രോജക്ട് തയ്യാറാക്കേണ്ടതാണ്.
b) ഡി ടി പി 40 പേജിലും, കൈയെഴുത്ത് 50 പേജിലും കുറയാൻ പാടുള്ളതല്ല. ഡിസർട്ടേഷൻ/പ്രോജക്ട് ഹാർഡ് ബൗണ്ട്/സ്പൈറൽ ബൗണ്ട് ഇരുവശവും പ്രിന്റ് ചെയ്ത രൂപത്തിൽ സമർപ്പിക്കണം.
c) 2 ഹാർഡ് കോപ്പികൾ തയ്യാറാക്കുന്നതിൽ ഒരു കോപ്പി LSC കോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതും ഒരെണ്ണം വ്യക്തിപരമായി സൂക്ഷിക്കേണ്ടതുമാണ് (വൈവ നടക്കുമ്പോൾ ഡിസർട്ടേഷൻ/പ്രോജക്ടിന്റെ ഹാർഡ് കോപ്പി പഠിതാവിന്റെ കൈവശമുണ്ടാകേണ്ടതാണ്).

## 5) മൂല്യനിർണ്ണയം

സൂചന (1) ലെ ക്രമ നമ്പർ 14 പ്രകാരമുള്ള മാർഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് ഡിസർട്ടേഷൻ/പ്രോജക്ട് മൂല്യനിർണ്ണയം ചെയ്യുന്നത്. ഇതിന് നിരന്തര മൂല്യനിർണ്ണയം ഉണ്ടായിരിക്കുന്നതല്ല, ഡിസർട്ടേഷൻ സംബന്ധിച്ച വൈവ വോസി പരീക്ഷ ഉണ്ടായിരിക്കുന്നതാണ്. ഡിസർട്ടേഷൻ/പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാത്തവർക്ക് വൈവ വോസി പരീക്ഷയിൽ പങ്കെടുക്കുവാൻ സാധിക്കുന്നതല്ല. വൈവ വോസി പരീക്ഷയുടെ തീയതി, സമയക്രമം, സ്ഥലം, തുടങ്ങിയവ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പിന്നീട് നൽകുന്നതാണ്.

## സമർപ്പണ തീയതി:

**ഡിസർട്ടേഷൻ/പ്രോജക്ട് സമർപ്പിക്കേണ്ട അവസാന തീയതി 29/06/2025 ആയിരിക്കും.**

**സൂചന (1) പ്രകാരം സർവകലാശാല പുറപ്പെടുവിച്ചിട്ടുള്ള 28/05/2025 തീയതിയിലെ ഡിസർട്ടേഷൻ/പ്രോജക്ടുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദേശങ്ങൾ കൃത്യമായും പഠിതാക്കൾ വായിച്ച മനസ്സിലാക്കേണ്ടതാണ്.**

**പ്രൊഫ. (ഡോ.) ഗ്രേഷ്യസ് ജെ.**
**പ്രോ വൈസ് ചാൻസലർ (i/c)**
**& പരീക്ഷാ കൺട്രോളർ**

Copy to,

PS to VC/PVC / PA to Registrar/CC
All Regional Centre Directors/. All Head of Schools
All LSC Co-Ordinator’s / Academic I & II Sections
Stock file/File Copy
**File No: - Ex. B3/97/SOU/2025**